**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 379** | **13-03-2023 - ൽ മറുപടിയ്ക്ക്**

**കേരള ബ്രാന്റ് മത്സ്യോല്പന്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ഉൾനാടൻ മത്സ്യത്തിന്റെ വിപണി ഉറപ്പാക്കുന്നതിനായി സുഭിക്ഷകേരളം ജനകീയമത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി ജലകൃഷി വികസന ഏജൻസി (ADAK) മുഖേന ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റ് പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി മത്സ്യകൃഷി വഴി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളെ മത്സ്യ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച്, ഗുണമേന്മയിൽ കോട്ടം വരാതെ പച്ചയായും ശീതീകരിച്ചും വിപണനം നടത്തുന്നതിനുവേണ്ടി 30 ഫിഷ് മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ, അഡാക്ക് (ADAK) വഴി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ച് വരുന്നു. മത്സ്യവിപണനം നടത്തുന്നതിനായി മത്സ്യഫെഡ് വഴി ഫിഷ് മാർക്കറ്റുകൾ, ആധുനിക രീതിയിലുള്ള ഫിഷ് മാർട്ടുകൾ എന്നിവ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ മത്സ്യഫെഡ് മുഖേന മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതിയുടെ ഭാഗമായി ഉൾനാടൻ മത്സ്യോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. |
| (ബി) | പ്രസ്തുത മത്സ്യോല്പന്നങ്ങളുടെ രുചിയും ഗുണനിലവാര പരിശോധനയും നടത്തി കേരള ബ്രാന്റ് നെയിം ഏർപ്പെടുത്തി കൂടുതൽ ജനകീയമായ വിപണനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മത്സ്യ കൃഷിയിലൂടെ ഓരുജല മത്സ്യങ്ങളായ കരിമീൻ, തിരുത, പൂമീൻ, കാളാഞ്ചി, വെള്ളോടിപറ്റ, ശുദ്ധജല മത്സ്യങ്ങളായ കാർപ്പുകൾ, തിലാപ്പിയ (GIFT), ആസ്സാംവാള (Pangassius)) അനബാസ്, വരാൽ, കാരി എന്നീ രണ്ട് തരത്തിലുള്ള മത്സ്യങ്ങളാണ് കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്നത്. നമ്മുടെ സംസ്ഥാനത്ത് കടൽ മത്സ്യങ്ങൾക്കാണ് |

| | | | |
|---|---|---|---|
| | | | കൂടുതൽ പ്രിയം. ആയത് കൊണ്ടുതന്നെ ഉൾനാടൻ മത്സ്യങ്ങൾക്ക് താരതമ്യേന വിപണിയിൽ പ്രിയം കുറവാണ്. എന്നിരുന്നാലും ഓരുജല തദ്ദേശീയ മത്സ്യ ഇനങ്ങളായ കരിമീൻ, കാളാഞ്ചി, വരാൽ എന്നിവയ്ക്ക് മാർക്കറ്റിൽ വിപണന സാധ്യത കൂടുതൽ ഉണ്ട്. ശുദ്ധജല മത്സ്യങ്ങളായ കട്‌ല, രോഹു, മൃഗാൽ, ഗ്രാസ് കാർപ്പ് തുടങ്ങിയ ഇനം മത്സ്യങ്ങളുടെ വിപണന സാധ്യത വർദ്ധിപ്പിക്കുന്നതിനായി ടി മത്സ്യങ്ങൾ ഉപയോഗിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നതിലൂടെ പരിഹരിക്കാവുന്നതാണ്. ആയതിന്റെ ഭാഗമായി ആർ.ഐ.ഡി.എഫ്.ൽ ഉൾപ്പെടുത്തി മത്സ്യഫെഡ് മുഖേന പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടേയും, കേന്ദ്ര കിഴങ്ങ് വർഗ്ഗ വിള ഗവേഷണ കേന്ദ്ര (CTCRI)-ത്തിന്റെയും സാങ്കേതിക സഹായത്തോടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിനായി 5.2 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത മത്സ്യോല്പന്നങ്ങളുടെ രുചിയും ഗുണനിലവാര പരിശോധനയും ഉറപ്പുവരുത്തിക്കൊണ്ട് സാഫ് മുഖേന തീരമൈത്രി ബ്രാന്റിൽ മത്സ്യ ഉൽപ്പന്നങ്ങൾ വിപണനം നടത്തിവരുന്നു. വിവിധ മേളകളിലും എക്സിബിഷനുകളിലും ഭാരത അന്താരാഷ്ട്ര മേളയിലും വിപണനം നടത്തിയിട്ടുണ്ട്. മത്സ്യോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന ഏജൻസികളുടെ വിവിധ ബ്രാൻഡുകളിലുള്ള മത്സ്യോല്പന്നങ്ങൾ ഏകീകരിച്ച് കേരള ബ്രാൻഡ് എന്ന പേരിൽ വിപണനം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |
| (സി) | ആഴക്കടൽ മത്സ്യങ്ങളുടെ ലഭ്യത കുറഞ്ഞുവരുന്നതും പ്രസ്തുത മത്സ്യോല്പന്നങ്ങളിലെ രാസവസ്തുക്കളുടെ വ്യാപക ദോഷഫലങ്ങളും കണക്കിലെടുത്ത് കേരള ബ്രാന്റ് മത്സ്യോല്പന്നങ്ങൾ വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സാഫ്, മത്സ്യഫെഡ്, തീരദേശ വികസന കോർപ്പറേഷൻ എന്നീ ഏജൻസികൾ മുഖേന ഗുണനിലവാരമുള്ള പച്ച മത്സ്യവും മത്സ്യ ഉൽപ്പന്നങ്ങളും വിവിധ ബ്രാൻഡുകളിൽ വിപണനം നടത്തി വരുന്നു. ഈ മത്സ്യത്തിനും മത്സ്യ ഉൽപ്പന്നങ്ങൾക്കും നല്ല രീതിയിൽ വിപണന മൂല്യവും പൊതുജനങ്ങളുടെ ഇടയിൽ മികച്ച സ്വീകാര്യതയുമാണുള്ളത്. ഇത്തരത്തിൽ ഉൾനാടൻ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന മത്സ്യം ഫിഷറീസ് |

| | | | |
|---|---|---|---|
| | | | വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ വഴി സംഭരിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി പച്ചയായും സംസ്കരിച്ചും പൊതു ബ്രാൻഡിൽ വിപണനം ചെയ്യുന്നത് വ്യാപകമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ